LIBRARY ARCHIVES Kerala Legislative Assembly

പെരിന്തൽമണ്ണ പോളിടെക്നിക് കോളേജ്

92(1155) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാപിച്ചിട്ട് അമ്പതു വർഷം കഴിഞ്ഞിട്ടും വെറും നാലു കോഴ്സുകളോടെ മാത്രം പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകളാരംഭിക്കുന്നതിന് ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എല്ലാവിധ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടും ഇത് വരെ പുതിയ കോഴ്സുകൾ അനുവദിക്കാത്തത് പരിഗണിച്ച് പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിൽ പുതിയ മൂന്ന കോഴ്സുകളാരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആദ്യമായി എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ആവശ്യമാണ്. 2013-14, 2014-15 വർഷങ്ങളിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിരുന്നില്ല. കോഴ്സുകൾ അക്രഡിറ്റഡ് അല്ലാത്തതിനാൽ 2015-16-ൽ പുതിയ കോഴ്സുകൾക്ക് ഓൺലൈനായി എ.ഐ.സി.റ്റി.ഇ.-യ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. അക്രഡിറ്റേഷൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

അറബിക് സർവ്വകലാശാല

93(1157) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; ആയത് മറ്റ് സർവ്വകലാശാലകളുടെ രീതിയിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാണോ;

(ബി) ഇല്ലെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാരിന്റെ പരിഗണനയിലാണ്. പക്ഷേ ഇതുസംബന്ധിച്ച നയപരമായ തീരുമാനങ്ങളൊന്നും തന്നെ കൈകൊണ്ടിട്ടില്ല.